

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പികെഡി.പി.24-1287/25

നമ്പർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 16/09/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്ര സഹിതം)

2.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.

3.കാര്യാലയ പകർപ്പ്.

നമ്പർ: നമ്പർ തീയ്യതി: 16/09/2025
കെ.എസ്.എ.പികെഡി.പി.24-1287/25

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-10-2024 മുതൽ 07-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ്

ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു.പി.എസ്.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	08-07-2025	16-07-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
08-07-2025	16-07-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി -ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
രാജൻ.കെ.വി -സീനിയർ ഗ്രേഡ് ഓഡിറ്റർ
ഷീജ.വി.ആർ -സീനിയർ ഗ്രേഡ് ഓഡിറ്റർ

സംഗീത്.പി -ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ശോഭന രാജേന്ദ്രപ്രസാദ്	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.വിനോദ്കുമാർ.കെ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.യൂസഫ്.കെ.എ.	അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി.അഞ്ജു പ്രകാശ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.വ്യാസ്.എൻ.ജി.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2024	15-12-2024
ശ്രീ.സിനിഷ്.എം.എസ്.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	16-12-2024	31-03-2025
ഡോ.അനുപമ.എം.	മെഡിക്കൽ ഓഫീസർ,സി.എച്ച്.സി,അമ്പലപ്പാറ	01-04-2024	31-03-2025
ഡോ.ഹബീബ് റഹിമാൻ.പി.പി.	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., ചളവറ	01-04-2024	24-04-2024

ഡോ.മുഹമ്മദ് ആസിഫ്.കെ.	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., ചളവറ	25-04-2024	08-07-2024
ഡോ.ഹബീബ് റഹിമാൻ.പി.പി.	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., ചളവറ	09-07-2024	04-10-2024
ഡോ.അശ്വതി പുരുഷോത്തം	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. ചളവറ	05-10-2024	20-12-2024
ഡോ.മറീൻ ബെഞ്ചമിൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., ചളവറ	21-12-2024	31-03-2025
ശ്രീ.അരുൺ.ആർ.	പട്ടികജാതി വികസന ഓഫീസർ	01-04-2024	23-02-2025
ശ്രീ.നവീൻചന്ദ്ര.എൻ.	പട്ടികജാതി വികസന ഓഫീസർ(ഇൻചാർജ്)	24-02-2025	31-03-2025
ശ്രീമതി.സ്വപ്ന.ആർ.എസ്.	ശിശു വികസന പദ്ധതി ഓഫീസർ	01-04-2024	09-07-2024
ശ്രീമതി.ദിവ്യ.എം.പി.	ഐസിഡിഎസ് സൂപ്പർവൈസർ(ഇൻ ചാർജ്)	10-07-2024	21-07-2024
ശ്രീമതി.കദീജ.എം.എസ്.	ശിശു വികസന പദ്ധതി ഓഫീസർ	22-07-2024	31-03-2025
ശ്രീമതി.ശ്രീജ.പി.എം.	ശിശു വികസന പദ്ധതി ഓഫീസർ, അഡീഷണൽ ഷൊർണൂർ	01-04-2024	31-03-2025
ശ്രീമതി.ശ്രീലത.വി.പി.	ക്ഷീര വികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ.നൌഫൽ.ടി.എ.	വ്യവസായ വികസന ഓഫീസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1-0
2	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ അപാകത	1-1-1
3	ഷെയർ സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	സംയുക്ത പ്രോജക്ടുകൾക്കായി പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-3
5	ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-4
6	ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല	1-1-5
7	Refund Of Unutilised Grants-വിശദാംശങ്ങൾ ലഭ്യമല്ല	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
10	ഫണ്ട് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	ക്യാഷ് ബാലൻസ്	1-6
13	ആഭ്യന്തരനിയന്ത്രണം	1-7
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
15	യോഗമിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്	1-9
16	ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്	1-10

17	പഠനമുറി നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്	1-11
18	കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല.	1-12
19	തുടർ വിദ്യാഭ്യാസ പരിപാടി-രേഖകൾ ലഭ്യമാക്കിയില്ല	1-13
20	അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം - പൂർത്തീകരിക്കണം	1-14
21	മാണിയംപാറ റോഡ്, നെല്ലായ ഗ്രാമപഞ്ചായത്ത്-ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്	1-15
22	അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ -അവലോകനം	1-16-1
23	അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ -അവലോകനം	1-16-2
24	അംബേദ്കർ കോളനി സായാഹ്ന പഠന കേന്ദ്രം നിർമ്മാണം, അമ്പലപ്പാറ-പ്രവർത്തനക്ഷമമാക്കേണ്ടതാണ്	1-17
25	മമ്മിപ്പടി-തോട്ടത്തിൽപ്പടി റോഡ്,വല്ലപ്പുഴ-ഗുണ നിലവാരം ഉറപ്പു വരുത്തേണ്ടതാണ്	1-18
26	ജൽജീവൻ മിഷൻ പദ്ധതി-പങ്കാളിത്തം ഉറപ്പാക്കാണം	1-19
27	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-20
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ് - ഇൻഷൂറൻസ് പ്രീമിയം തുക അടവാക്കൽ വിശദാംശങ്ങൾ	4-1

2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്ക്-പത്രികകൾ-സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1-0 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31-5-2025 തീയതിയിലെ 8(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31-5-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ബി. വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച

സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്
തീയതി: 16.09.2025

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിലെ അപാകത

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9728883.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9891661.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-2 ഷെയർ സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

മീൻവല്ലം പദ്ധതിയ്ക്കായി എടുത്തിട്ടുള്ള 100000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റ് (നം.35/29.6.2011) വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 സംയുക്ത പ്രോജക്ടുകൾക്കായി പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ₹13678000 വരവും ചെലവും ഉണ്ട്. സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും, ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും തുകകൾ രേഖപ്പെടുത്തി പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അതിനാൽ തുക എന്ത് ആവശ്യത്തിന് ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ചതാണ് എന്ന വിവരം ലഭ്യമല്ല.

1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

1-1-5 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11 (Fixed Assets) – ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളുടെ വിവരം ഏത് കാലയളവ് വരെ കാലികമാക്കിയിട്ടുണ്ട് എന്ന് വ്യക്തമല്ലാത്തതിനാൽ പ്രസ്തുത ഷെഡ്യൂളിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

1-1-6 Refund Of Unutilised Grants-വിശദാംശങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റ് B-9 -Other Liabilities ഷെഡ്യൂൾ -350300109 - എന്ന ഹെഡിൽ Refund Of Unutilised Grants പ്രകാരം ₹9436 ഉണ്ട്. തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല. തുക അതാത് ശീർഷകങ്ങളിലേക്ക് തിരിച്ചടക്കേണ്ടതാണ്.

1-2 ബജറ്റ്

12.02.2024 തിയതിയിലെ തീരുമാനം 1(1) പ്രകാരം 2024-25 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും പുതുക്കിയ ബജറ്റ് പ്രകാരം വരവ് ചെലവുകളും ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	7985420	9702128
വരവ്	451606000	363053169

ആകെ	459591420	372755297
ചെലവ്	450267800	364204838
നീക്കിയിരിപ്പ്	9323620	8550459

07.03.2025 ലെ 4(1) നം. തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹23387348
വരവ്	₹129344417
ആകെ	₹152731765
ചെലവ്	₹119615534
നീക്കിയിരിപ്പ്	₹33116231

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസനഫണ്ട് -ജനറൽ	0	36399000	36399000	33509929	2889071
വികുസനഫണ്ട് എസ്.സി.പി	0	29194000	29194000	29194000	0
മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	9513000	9513000	7530954	1982046
സെൻട്രൽ ഫിനാൻസ് കമ്മീഷൻ	4630267	6132611 +617314 (Int)	11380192	6563483	4816709

ഗ്രാന്റ്(അൺടൈഡ്)-ബാങ്ക		=6749925			
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക	5651431	13543000	19194431	7905719	11288712
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ട്രഷറി	0	2533674	2533674	1861238	672436
ശുചിത്വ മിഷൻ ഗ്രാന്റ്	27537	151036	178573	178573	0
TSC	1607168	63399	1670567	13307	1657260
ഹെൽത്ത് ഗ്രാന്റ്	2787182	4319570	7106752	810142	6296610
ഹരിയാലി	173722	4737	178459	0	178459

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
165	233121464	137	104448230	0	28	83.03

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ	4	4	3445000	3445000	100
സെക്രട്ടറി	27	21	131509187	39928969	30.36
മെഡിക്കൽ ഓഫീസർ, സിഎച്ച്സി	17	16	11019293	7668752	69.59
പട്ടികജാതി വികസന ഓഫീസർ	12	11	4292112	3007690	70.07
അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)	3	3	4616980	4609736	99.99
സീനിയർ വെറ്റിനറി സർജൻ/ ക്ഷീരവികസന ഓഫീസർ	2	2	1400000	1182371	84.46
ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	2	1	2933334	1500000	51.14
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	45	41	38807608	25497719	65.7
അസിസ്റ്റന്റ് എഞ്ചിനീയർ	53	38	35097950	17607993	50.17

ആകെ	165	137	233121464	104448230	44.8

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 കൃാഷ് ബാലൻസ്

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള കൃാഷ് ബാലൻസ് പരിശോധന 16.07.2025 തീയതിയിൽ 3.00 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. നിലവിൽ കൃാഷ് ബുക്ക് പ്രകാരവും ഭൗതിക പരിശോധനയിലും യാതൊരു നീക്കിയിരിപ്പും കൃാഷ് ഓൺ ഹാൻഡ് വിഭാഗത്തിൽ ഇല്ല.

1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും മറ്റ് പദ്ധതികൾക്കും ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ സ്ഥാപനത്തിൽ നിന്നും ലഭ്യമാവുന്നതും ചെലവഴിക്കുന്നതുമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലഭ്യമായ തുകയുടെയും ചെലവഴിച്ച തുകയുടെയും ബാക്കി നിൽക്കുന്ന തുകയുടെയും വിശദാംശം ലഭ്യമല്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 2014-15 മുതൽ 2021-22 വരെയുള്ള ഓഡിറ്റ് 28.2.2022 മുതൽ 11.3.2022 വരെ നടത്തിയിട്ടുണ്ട്. അതിൻപ്രകാരം I, II, III, IV എന്നീ നാലു ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റ് 1.7.2022 മുതൽ 15.7.2022 വരെയുള്ള തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്.

1-9 യോഗമിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനുട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനുട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്.

എന്നാൽ മിനുട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനുട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

A)മിനുട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

യോഗം ചേർന്ന തീയതി	സെക്രട്ടറി മിനുട്ട്സ് തയ്യാറാക്കി ആംഗീകാരത്തിനായി അയച്ച തീയതി
13/1/2025	8/2/2025
24/1/2025	8/2/2025
10/2/2025	3/5/2025
25/2/2025	3/5/2025
5/3/2025	22/4/2025
7/3/2025	3/5/2025
18/3/2025	3/5/2025
28/3/2025	3/5/2025
16/4/2025	5/5/2025
16/5/2025	1/7/2025
22/5/2025	1/7/2025
12/6/2025	1/7/2025

B)താഴെ പറയുന്ന യോഗങ്ങളുടെ മിനുട്ട്സ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

1	28/04/25	ഭരണസമിതി യോഗം	സാധാരണ യോഗം
2	09/05/25	ഭരണസമിതി യോഗം	സാധാരണ യോഗം

3	31/05/25	ഭരണസമിതി യോഗം	സാധാരണ യോഗം
4	19/06/25	ഭരണസമിതി യോഗം	അടിയന്തിര യോഗം
5	28/06/25	ഭരണസമിതി യോഗം	അടിയന്തിര യോഗം
6	02/07/25	ഭരണസമിതി യോഗം	സാധാരണ യോഗം

ഒരു എണ്ണത്തിന്റെ മിനുട്സ് എൻട്രി നാളിതുവരെ തുടങ്ങിയിട്ടില്ല.
C)സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ആകെ നടത്തിയ 51 യോഗങ്ങളിൽ 5 എണ്ണത്തിന്റെ മിനുട്സുകൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. (ആരോഗ്യ വിദ്യാഭ്യാസം-3, ക്ഷേമകാര്യം-1, ധനകാര്യം-1)

(D) 9 യോഗത്തിന്റെ മിനുട്സ് എൻട്രി നാളിതുവരെ തുടങ്ങിയിട്ടില്ല.

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനുട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറി നം. 8/13.7.2025ന് മറുപടി ലഭ്യമാക്കിയില്ല.

മറുപടി ലഭ്യമാക്കേണ്ടതും യോഗമിനുട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതുമാണ്.

1-10 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

2024-25 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B-4 പ്രകാരം താഴെ പറയുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. തുകകൾ നാളിതുവരെയായി

ചെലവഴിച്ചിട്ടുള്ളതായി കാണുന്നില്ല.

ഹെഡ്	തുക ലഭിച്ച വർഷം	ബാലൻസ് തുക B-4	ആവശ്യം	തുക നൽകിയ സ്ഥാപനം
320100204	---	100517	MLA SDF Old Account	---
320200213	---	33673	SC Corpus Fund	
320200307		2134	വിശദാംശം ലഭ്യമല്ല	
320300199	---	66785		Training Fund
320700203	---	3878394	PMAY-IAY	
320700204	---	1982052	PMAY-IAY	
320700205	---	2099600	PMAY-IAY	

തുകകൾ ഏതു വർഷം എന്ത് ആവശ്യത്തിന് ലഭിച്ചു എന്നും തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറി നം. 4/11.7.2025ന് താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. MLA SDF, SC Corpus Fund എന്നിവ തിരിച്ചടക്കുന്നതിന് ഹെഡ് ഓഫ് അക്കൗണ്ട് അറിയിക്കണമെന്ന് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിച്ചിട്ടുണ്ട് എന്നും, അക്കൗണ്ടിലെ പിശകു മൂലം ലെഡ്ജറിൽ അവശേഷിക്കുന്ന തുകയാണ് 2134/- എന്നും, കെ-സ്മാർട്ട് നിലവിൽ വന്ന സാഹചര്യത്തിൽ ഭരണസമിതി തീരുമാന പ്രകാരം തുക ലെഡ്ജറിൽ നിന്നും ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. PMAY തുകകൾ PMAY പ്രൊജക്ടിൽ

ഉൾപ്പെടുത്തി വാർഷിക പദ്ധതിയിൽ ബാങ്ക് നിക്ഷേപം എന്ന രീതിയിൽ വകയിരുത്തിയിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്നതിൽ ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-11 പഠനമുറി നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

1) 28.5.2022 ലെ സർക്കാർ ഉത്തരവ് (കൈ) 115/2022 /LSGD പ്രകാരം പട്ടികജാതി വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്ക് പഠനമുറി നിർമ്മാണത്തിനായി വിവിധ ഗഡുക്കളായി പരമാവധി രണ്ട് ലക്ഷം രൂപ വരെ ധനസഹായം നൽകാവുന്നതാണ്. താഴെ പറയുന്ന പ്രോജക്ട് പ്രകാരം തൻവർഷം 6 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ ആരും പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട്	നം.52/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
നിർവ്വഹണ ഉദ്യോഗസ്ഥൻ	പട്ടികജാതി വികസന ഓഫീസർ
അടങ്കൽ, ഫണ്ടിനം	₹1200000 (വികസന ഫണ്ട് എസ്.സി.പി)
ചെലവ്	₹660000
ബിൽ നമ്പർ	415/13-03-25 – 60000 416/13-03-25 - 30000 417/13-03-25 – 60000

	172/29-11-24 – 30000 222/15-01-25 – 60000 258/01-02-25 – 30000 285/13-02-25 – 30000 304/18-02-25 – 80000 307/19-02-25 – 30000 381/05-03-25 – 60000 395/11-03-25 – 30000 470/22-03-25 -80000 469/22-03-25 -80000

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	കൈപ്പറ്റിയ തുക (രൂപ)	നൽകാനുള്ള തുക (രൂപ)
1	കാശിനാഥൻ S/O സുരേഷ്, മുല്ലക്കൽ ഹൗസ്, കോതയൂർ, വാണിയംകുളം	170000	30000
2	വിനയ D/O വാസുദേവൻ , പള്ളിപ്പുറത്തൊടി, കയ്യിലിയാട്	90000	110000
3	വൈഷ്ണവി D/O ശ്രീജ, ഇട്ടിയിൽ കുന്നത്ത്, അമ്പലപ്പാറ	170000	30000

4	അനുപമ D/O സുജിത, ആറുംകണ്ടംപറമ്പിൽ, കരിയാമുട്ടി, തൃക്കടീരി	170000	30000
5	ജിനു S/O ഉണ്ണികൃഷ്ണൻ, ചിറയിൽപടി, അനങ്ങനടി	30000	170000
6	ആദിത്യൻ S/O സജിത, കുന്നശേരിപ്പറമ്പിൽ, നെല്ലായ	30000	170000

2) പഠനമുറി രജിസ്റ്റർ പരിശോധിച്ചതിൽ പഠനമുറിനിർമ്മാണത്തിനായി 2023-24 സാമ്പത്തികവർഷത്തിൽ തന്നെ ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം നിലവിലും പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	ആകെ കൈപറ്റിയ തുക (രൂപ)	(വിവിധ ഗഡുക്കൾ കൈപറ്റിയത്) തുക- തിയതി
1	സനേഷ് S/O സുരേഷ് ചെട്ടിയാർത്തൊടി കൂനത്തറ വാണിയംകുളം	170000	50000– 09/08/2023 40000– 04/12/2023

			80000-10/02/2025
2	അഭിജിത്ത് S/O മുരളീധരൻ, മങ്ങാട്ടുപറമ്പിൽ, അനങ്ങനടി	170000	30000-13/11/2023 60000-06/01/2024 80000-29/02/2024

ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ അറിയിക്കണമെന്ന് പറഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10, 11/14.07.2025) താഴെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	മറുപടി
1	കാശിനാഥൻ S/O സുരേഷ്, മുല്ലക്കൽ ഹൗസ്, കോതയൂർ, വാണിയംകുളം	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചു അവസാന ഗഡു അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് എ.ഇ യുടെ വാല്യൂവേഷൻ സർട്ടിഫിക്കേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡു

		തുക അനുവദിച്ചു നൽകുന്നതാണ്.
2	വിനയ D/O വാസുദേവൻ , പള്ളിപ്പുറത്തൊടി, കയ്യിലിയാട്	പഠനമുറിയുടെ ലിന്റൽ വാർപ്പ് വരെ പൂർത്തീകരിച്ചു മൂന്നാം ഗഡുവിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം തുടരുന്നുണ്ട്.
3	വൈഷ്ണവി D/O ശ്രീജ, ഇട്ടിയിൽ കുന്നത്ത്, അമ്പലപ്പാറ	പഠനമുറി നിർമ്മാണത്തിന്റെ മൂന്നാം ഗഡു തുക കൈപറ്റി വാർപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. ഒരു മാസത്തിനുള്ളിൽ ശേഷിക്കുന്ന പണികൾ കൂടി പൂർത്തീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.
4	അനുപമ D/O സുജിത, ആറുംകണ്ടംപറമ്പിൽ, കരിയാമുട്ടി, തൃക്കടീരി	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചു എ.ഇ യുടെ വാല്യൂവേഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടുണ്ട്. അവസാന ഗഡു തുക അനുവദിക്കുന്നതാണ്.

5	ജിനു S/O ഉണ്ണികൃഷ്ണൻ, ചിറയിൽപടി, അനങ്ങനടി	പഠനമുറി നിർമ്മാണത്തിന്റെ ചുമർ പണി, ജനൽ, വാതിൽ എന്നിവയുടെ പണികൾ ചെയ്തിട്ടുണ്ട്. രണ്ടാം ഗഡു അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.
6	ആദിത്യൻ S/O സജിത, കുന്നശേരിപ്പറമ്പിൽ, നെല്ലായ	രണ്ടാം ഗഡുവിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പഠന മുറി നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

2) 2023-24 സാമ്പത്തികവർഷത്തിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താവ് -

ക്രമ നം.	ഗുണഭോക്താവിന്റെ വിവരം	മറുപടി
1	സനേഷ് S/O സുരേഷ് ചെട്ടിയാർത്തൊടി കൂനത്തറ വാണിയംകുളം	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് എ.ഇ യുടെ വാല്യൂവേഷൻ സർട്ടിഫിക്കേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡു തുക അനുവദിച്ചു നൽകുന്നതാണ്.

2	അഭിജിത്ത് S/O മുരളീധരൻ, മങ്ങാട്ടുപറമ്പിൽ, അനങ്ങനടി	പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എ.ഇ യുടെ വാല്യൂവേഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടുണ്ട്. അവസാന ഗഡു തുക അനുവദിക്കുന്നതാണ്.

സമയബന്ധിതമായി പഠനമുറികളുടെ നിർമ്മാണം പൂർത്തീകരിക്കാതിരുന്നാൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വേളയിൽ ആയതിന്റെ ഗുണം ലഭിക്കാതെ വരുന്ന സാഹചര്യമുണ്ടാകുന്നതാണ്. എല്ലാവരുടെയും പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭിച്ചിട്ടില്ല.

ചളവറ എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട് . പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നം.	192/25 കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ
അടങ്കൽ	₹150000 മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ്	₹148402
ബിൽ നം/ തീയതി	30/05.03.2025

കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങുന്നതിനായി ₹148402 സ്ഥാപനത്തിന് (അക്കൗണ്ട് നം.799011400003959) അനുവദിച്ചിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ഇതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (14/15.07.2025) മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ₹148402 രൂപ തടസ്സപ്പെടുത്തുന്നു.

1-13 തുടർ വിദ്യാഭ്യാസ പരിപാടി-രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ 6/25-തുടർ വിദ്യാഭ്യാസ പരിപാടി- പഠിതാക്കളുടെ പരീക്ഷ ഫീസ്, തുടർവിദ്യാകേന്ദ്രം നടത്തുന്ന മറ്റ് അനുബന്ധ പരിപാടികൾക്കുള്ള ചെലവുകൾ 2024-25

അടങ്കൽ - 3 ലക്ഷം (വികസന ഫണ്ട്- ജനറൽ)

ചെലവ്-263850.00(നം 31/14.2.25 ₹250050.00 & നം 55/25.3.25 ₹13800.00)

നിർവഹണം- സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം പത്താംതരം തുല്യത പരീക്ഷക്ക് വേണ്ടി 27 പഠിതാക്കൾക്കും, ഹയർ സെക്കണ്ടറി തുല്യത പരീക്ഷക്ക് വേണ്ടി 87 പഠിതാക്കൾക്കും വേണ്ടി ₹200100.00 കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. കൂടാതെ ഹയർ സെക്കണ്ടറി തുല്യത പരീക്ഷ ഫീസിനത്തിൽ ₹13800.00 പഠിതാക്കൾക്ക് നേരിട്ടും നൽകിയിട്ടുണ്ട്. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

എ) പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.22 ഖണ്ഡിക 2.15(2) ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന പഠിതാക്കളുടെ കുടുംബ വാർഷിക വരുമാന പരിധി രണ്ട് ലക്ഷം രൂപയിൽ അധികരിക്കുന്നില്ലെന്ന് തെളിയിക്കുന്ന രേഖകൾ .

ബി)തുല്യതാ പഠനഫീസ് അനുവദിച്ച ഗുണഭോക്താക്കളുടെ പേര്, വിലാസം, രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ .

സി)ഗുണഭോക്താക്കൾ ഭിന്ന ശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ ആയത് സംബന്ധിച്ച സാക്ഷ്യപത്രങ്ങളുടെ പകർപ്പ്.

ഡി)തുല്യതാ പഠനഫീസ് അനുവദിച്ച ഗുണ ഭോക്താക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ് , മാർക്ക് ലിസ്റ്റ് മുതലായവ)

ഇ)പ്രൊജക്ടു് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്
മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കേണ്ടതും, പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.6/11.7.25)

1-14 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം - പൂർത്തീകരിക്കണം

പ്രൊജക്ട് നം.	SO 108/2025
പ്രൊജക്ടിന്റെ പേര്	ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം ബ്ലോക്ക് വിഹിതം നൽകൽ

നിർവഹണം	സെക്രട്ടറി
അടങ്കൽ തുക	10400000.00
ചെലവ്	1600000.00(വികസനഫണ്ട് - ജനറൽ)
ബിൽ നം./ തീയതി/തുക	4/13.6.24

ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന അങ്കണവാടികൾക്ക് മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുമായി സംയോജിപ്പിച്ച് കെട്ടിട നിർമ്മാണത്തിനായി ബ്ലോക്ക് വിഹിതം 16 ലക്ഷം രൂപ എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ, തിരുവനന്തപുരം, അക്കൗണ്ട് നം.799011400000486- ൽ നിക്ഷേപിച്ചിട്ടുണ്ട്.

ക്രമ നം.	അങ്കണവാടിയുടെ പേര്	ഗ്രാമപഞ്ചായത്ത്
1	മേലൂർ - നം 44	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്
2	അറവക്കാട് - നം 42	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്
3	ചുനങ്ങാട് - നം 61	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്
4	കുരുളി വടക്കേക്കര - 50	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

5	വീമ്പൻകുഴി നം -70	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്
6	നമ്പിയത്ത് പടി - നം 39	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്
7	മൂലന്തങ്കോട് - നം 94	വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്
8	പുളിക്കൽത്തൊടി - നം 102	വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് അന്വേഷണം നം.10/14.7.25 മുഖേന മേൽ അങ്കണവാടികളുടെ കെട്ടിട നിർമ്മാണ പുരോഗതി വിവരം, അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിട്ടില്ല.
അങ്കണവാടികളുടെ കെട്ടിട നിർമ്മാണ പുരോഗതി വിവരം, അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

1-15 മാണിയംപാറ റോഡ്, നെല്ലായ ഗ്രാമപഞ്ചായത്ത്-ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്റ്റ് നം. - 114/25-മാണിയംപാറ റോഡ്, നെല്ലായ ഗ്രാമപഞ്ചായത്ത്

അടങ്കൽ - ₹1200000/- വികസന ഫണ്ട്(എസ്സിപി)

ചെലവ് - ₹1200000 (ബിൽനം./തീയതി- 2/24.5.2024)

അളവുപുസ്തകം- 133245/2023

കരാറുകാരൻ- ശ്രീ.രവീന്ദ്രൻ.എം.

എഗ്രിമെന്റ് നം. -31/3.2.2024

മാണിയംപാറ റോഡ്,നെല്ലായ ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയിൽ Manual Rock Cutting എന്ന ഇനവും ഉൾപ്പെട്ടിട്ടുണ്ട്. ഫൈനൽ ബിൽ, അളവുപുസ്തകം എന്നിവ പ്രകാരം ഇനം 1 അനുസരിച്ച് Rubble Stone Blast ചെയ്തിട്ടുണ്ട്.

ക്രമ നം.	ഇനം നം.	പൊളിച്ചുമാറ്റിയ ഇനം	അളവ്
1	1	3.9.2-Excavation In Hard Rock With Rock Breakers Including Breaking Rock Etc.	67.680cum

അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കയച്ച നം.LSGD/AEE/OTPBP/352/DB2 Dt.26.3.2024 കത്ത് പ്രകാരം മാണിയംപാറ റോഡ് എന്ന പ്രവൃത്തി നെല്ലായ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ (അസറ്റ് നം.18141005000000069) ഉൾപ്പെട്ട പ്രവൃത്തിയാണ് എന്നും ടി കോൺക്രീറ്റ് പ്രവൃത്തിയിൽ 67.88m3 Rubble Stone Blast ചെയ്യേണ്ടതായി വന്നു എന്നും 5% Voids കുറച്ച് 64.296m3 Blasted Rubble പ്രസ്തുത സൈറ്റിനു Heap Form-ൽ Stack ചെയ്തിട്ടുണ്ട് എന്നും ഈ അളവിലുള്ള Stones അടിയന്തിരമായി നെല്ലായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് ലേലം ചെയ്യാനായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കണം എന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറി നം. 9/14.7.2025ന് മറുപടി ലഭ്യമാക്കിയില്ല. തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

1-16-1 അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ -അവലോകനം

അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 45പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 41 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹38807608 വകയിരുത്തിയതിൽ ₹25497719 ആണ് ചെലവഴിച്ചിട്ടുള്ളത്. 65.7% ആണ് തൻവർഷത്തെ ആകെ ചെലവ്. ചെലവ് ശതമാനം കുറഞ്ഞതിന് കാരണം വിശദമാക്കേണ്ടതാണ്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. ആസ്തി രജിസ്ററർ കാലികമാക്കിയിട്ടില്ല.

2. നടപ്പാക്കിയ പദ്ധതികളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും പ്രവൃത്തിയുടെ അനുമതി നൽകി കൊണ്ടുള്ള ഭരണ സമിതി തീരുമാനവും നിരാക്ഷേപ പത്രവും ലഭ്യമാക്കാതെയാണ് പ്രവൃത്തികൾ നടപ്പിലാക്കിയിരിക്കുന്നത്. കൂടാതെ പ്രവൃത്തി പൂർത്തിയായതിനുശേഷം ഗ്രാമപഞ്ചായത്തിന് രേഖാമൂലം കൈമാറിയതിന്റെ വിവരവും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

. 153/25-മാരായമംഗലം ഹയർ സെക്കണ്ടറി സ്ക്കൂളിൽ ആധുനിക രീതിയിലുള്ള ടോയ്ലറ്റ് നിർമ്മാണം,നെല്ലായ ഗ്രാമപഞ്ചായത്ത്

